**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതലുള്ള മൂന്ന് വർഷത്തിനിടയിൽ രാജ്യത്തൊട്ടാകെ അൻപത്തിയൊന്നായിരത്തി അറുന്നൂറ്റി ഇരുപത്തിയൊൻപത് സ്കൂളുകൾ അടച്ചുപൂട്ടിയപ്പോൾ സംസ്ഥാനത്ത് അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന ഇരുന്നൂറ്റി മുപ്പത്തിയേഴ് പൊതുവിദ്യാലയങ്ങൾ സജീവമാക്കാനായെന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ ഏകീകൃത ജില്ലാ വിദ്യാഭ്യാസ വിവര സംവിധാനം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിൽ പൊതുവിദ്യാലയങ്ങളിലേക്ക് അൺ എയ്ഡഡ് മേഖലയിൽ നിന്ന് കുട്ടികൾ വന്നതിന്റെ ഫലമായി പൊതു വിദ്യാലയങ്ങളിൽ എൻറോൾമെന്റ് വർദ്ധിക്കുകയുണ്ടായി. KITE-ന്റെയും കേന്ദ്രവിദ്യാഭ്യാസവിവര സംവിധാനം (UDISE) ഡാറ്റ ബേസ് വിശകലനം ചെയ്താൽ ഇത് വ്യക്തമാണ്. കുട്ടികൾ ഇല്ലാത്തതിന്റെ പേരിൽ അടച്ചുപൂട്ടൽ ഭീഷണി നേരിട്ട വിദ്യാലയങ്ങളിൽ മികച്ച എൻറോൾമെന്റ് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് UDISE- ൽ ബോധ്യപ്പെടുന്നതാണ്. എന്നാൽ ഏകീകൃത ജില്ലാ വിദ്യാഭ്യാസ വിവര സംവിധാന റിപ്പോർട്ട് UDISE പ്രസിദ്ധീകരിക്കുന്നത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച ടി റിപ്പോർട്ടിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചത് മൂലം അടച്ച് പൂട്ടലിന്റെ വക്കിലെത്തിയ സ്കൂളുകൾ സജീവമായത് സംബന്ധിച്ച റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മുൻ സർക്കാരിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | **ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം മുൻ സർക്കാരിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതികസൗകര്യ വികസനരംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.**<br><br>**5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിലാണ് കെട്ടിടനിർമ്മാണം വിഭാവനം ചെയ്തിരുന്നത്. അതിൽ 119 വിദ്യാലയങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 22** |

വിദ്യാലയങ്ങളിൽ മിക്കവയിലും ചില ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 2 സ്കൂൾ കെട്ടിടങ്ങളുടെ SPV കിറ്റ്കോയാണ്. പ്രസ്തുത സ്കൂളുകളുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

3കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 386 സ്കൂളുകളാണ് ഉള്ളത്. അതിൽ 126 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. 20 വിദ്യാലയങ്ങളിൽ ഒന്നാംഘട്ട പ്രവർത്തനം പൂർത്തിയാക്കി ക്ലാസ്സ്മുറികൾ പഠനത്തിനായി വിട്ടുകൊടുക്കുകയുണ്ടായി. ഇതിൽ 200 സ്കൂൾ കെട്ടിടങ്ങളുടെ SPV കിലയാണ്. ഇതിൽ 185 സ്കൂളുകളുടെ DPR തയ്യാറായിട്ടുണ്ട്. ഇതിൽ 150 സ്കൂളുകളുടെ DPRകിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 9 സ്കൂൾ കെട്ടിടങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടിയിലേക്ക് നീങ്ങിയിട്ടുണ്ട്. 2 സ്കൂൾ കെട്ടിടങ്ങളുടെ SPV കിറ്റ്കോയാണ്. പ്രസ്തുത സ്കൂളുകളുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

1 കോടി കിഫ്ബി ധനസഹായമുള്ള 446 സ്കൂളുകളാണ് ഉള്ളത്. ഇതിൽ പ്രാഥമികമായി തടസ്സങ്ങളൊന്നും ഇല്ലാത്ത 403 സ്കൂളുകളിൽ 399 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു.341 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായി. ഇതിൽ 334 സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും 206 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 17 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1 സ്കൂളിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായി.

സ്ഥലം ലഭ്യമാകാത്തതിനാലും മറ്റ് കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനാലും ഈ സ്കീം നടപ്പാക്കാൻ കഴിയാതിരുന്ന സ്കൂളുകൾക്ക് പകരമായി 35 സ്കൂളുകളെ കണ്ടെത്തി. പ്രസ്തുത സ്കൂളുകളിൽ 1 കോടി രൂപ കിഫ്ബി ധനസഹായത്തോടെ കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകി ക്കൊണ്ട് 16/06/2022 ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഇത് കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻ ഫണ്ടിലും നബാർഡ്/എം.എൽ.എ/

| | | | |
|---|---|---|---|
| | | | **എം.പി/എസ്.എസ്.കെ/ എൽഎസ്ജിഡി എന്നീ ഫണ്ടുകളും ഉപയോഗപ്പെടുത്തി നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൗതിക സൗകര്യ വികസനം നടന്നു വന്നിരുന്ന കിഫ്ബി / പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളിലും ഉൾപ്പെട്ട ഏതാണ്ട് 350ൽ പരം സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഇത് കൂടാതെ 51ഓളം ലാബ്/ലൈബ്രറി കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.** |
| (സി) | സംസ്ഥാനത്ത് കമ്പ്യൂട്ടർ സൗകര്യമുള്ള വിദ്യാലയങ്ങളുടെ ശതമാനം ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ? | (സി) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ UDISE (United Information System for Education Plus) 2019-20 റിപ്പോർട്ടിൽ ഇന്ത്യൻ സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച് പ്രസിദ്ധീകരിച്ചതിൽ 38.5% സ്കൂളുകളിൽ കമ്പ്യൂട്ടർ ഉള്ളതായി പരാമർശിച്ചിട്ടുണ്ട്. ഇതേ റിപ്പോർട്ടിൽ കേരളത്തിലേത് 93.74% ആണ്. എന്നാൽ നിലവിൽ കേരളത്തിലെ 100% പൊതു വിദ്യാലയങ്ങളിലും കൈറ്റിന്റെ മേൽ നോട്ടത്തിൽ കമ്പ്യൂട്ടർ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് പദ്ധതികൾ നടപ്പിലാക്കി. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 45000 ക്ലാസ് മുറികളിൽത്തന്നെ ലാപ്ടോപ്പ്, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി സ്പീക്കർ, ഇന്റർനെറ്റ് കണക്ടിവിറ്റി, ഓരോ ക്ലാസിനും അനുയോജ്യമായ |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ റിസോഴ്സുകൾ തുടങ്ങിയവ ലഭ്യമാക്കിയും ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലേക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതിക മായി ഐടി ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തിനെ 2020 ഒക്ടോബറിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ